കേരളകൗമുദി
5 February 2018

# അയ്യോ...കടലിൽ ഇത്രയധികം മത്സ്യങ്ങളോ?

▸എം.വി.ഹരീന്ദ്രനാഥ്

■ കടലാഴങ്ങളിലെ കാഴ്ച്ചകളൊരുക്കി അപൂർവ്വ പ്രദർശനം

കൊച്ചി: ജീവിതത്തിൽ ഇന്നേവരെ കാണാത്ത കടൽമത്സ്യങ്ങൾ കൺമുന്നിലെത്തിയപ്പോൾ വിദ്യാർത്ഥികൾ മാത്രമല്ല മുതിർന്നവരും അമ്പരന്നു. അയ്യോ...കടലിൽ ഇത്രയധികം മത്സ്യങ്ങളോ.

സി.എം.എഫ്.ആർ.ഐയുടെ 71-ാമത് സ്ഥാപക ദിനത്തോടനുബന്ധിച്ച് സ്ഥാപനത്തിൽ ഒരുക്കിയ പ്രദർശനമാണ് കടലാഴങ്ങളിലെ വിസ്മയങ്ങൾ തുറന്ന് കാട്ടിയത്.

സ്രാവ് ഇനങ്ങൾ തന്നെ പത്തിലധികം വരും. ചുറ്റിക തലയൻ സ്രാവ്, ടൈഗർ സ്രാവ്, വില്ലവായൻ സ്രാവ്, കാക്ക സ്രാവ്, പൂഴി സ്രാവ്, പേപ്പൽ സ്രാവ് , പാൽ സ്രാവ്, പൂഴി സ്രാവ്, ചെറുചിറകൻ മാക്കോ സ്രാവ് എന്നിവ ഇതിൽ ഉൾപ്പെട്ടും. ഇതിൽ വമ്പൻ സ്രാവായ ചെറുചിറകൻ സ്രാവിന്റെ തലഭാഗം മാത്രമെ പ്രദർശിപ്പിച്ചിട്ടുള്ളൂ. ആരൽ, ആനത്തിരണ്ടി, ആവോലി, മാച്ചാൻ, ഉട്ടപ്പുവി, ഒറത്തൻ, വിയ കണ്ണൻ, കരട്ടി, ചുറ്റിക തലയാൻ, ഏരി, മഞ്ഞ കലവ , നക്ഷത്ര ക്ലാത്തി, ചെങ്കാളക്കണ്ണൻ, കത്തിവാലൻ കലവ, തവളമീൻ, പുള്ളിതവള മീൻ എന്നിവയും ഉൾപ്പെട്ടും. മത്സ്യങ്ങളുടെ നാടായ കൊച്ചിയിലെ ജനങ്ങൾപോലും പല മത്സ്യങ്ങളും ജീവിതത്തിൽ കാണുന്നത് ആദ്യമായിട്ടാണ്. ചെമ്മീൻ ഇനങ്ങൾ 19 എണ്ണം വരും. ചെമ്മീൻ ഇനങ്ങളിൽ രാജാവ് കാരചെമ്മീൻ തന്നെ.




കാണാകാഴ്ച...കൊച്ചി സി.എം.എഫ്.ആർ.ഐ ഓഫീസിൽ സ്ഥാപക ദിനത്തോടനുബന്ധിച്ച് നടന്ന മത്സ്യങ്ങളുടെ പ്രദർശനത്തിൽ വിദ്യാർത്ഥികൾക്ക് കടൽ പശുവിനെ കുറിച്ച് വിവരിച്ചു കൊടുക്കുന്ന ഉദ്യോഗസ്ഥ
ഫോട്ടോ: അനുഷ് ഭദ്രൻ

## ആഴക്കടലിലെ വിസ്മയം

ആഴക്കടലിലെ വിസ്മയം കാണാൻ ആർ. ഒ. വി ( റിമോട്ട് ഓപ്പറേറ്റിംഗ് വെഹിക്കിൾ) എന്ന ഉപകരണമാണ് ഉപയോഗിക്കുന്നത്. ഈ ഉപകരണം കടലിൽ 300 മീറ്റർ ആഴത്തിൽ വരെ നിക്ഷേപിക്കാൻ സൗകര്യമുണ്ട്. ഇവയോടൊപ്പം ഘടിപ്പിച്ച കരയിലെ ഉപകരണത്തിന്റെ സ്ക്രീനിൽ കടലിലെ കാഴ്ചകൾ കാണാൻ സാധിക്കും.

സിംഹ മത്സ്യം, വവ്വാൽ മത്സ്യം, മാലാഖ മത്സ്യം തുടങ്ങി കടലിലെ വർണമത്സ്യങ്ങളുടെ ശേഖരമായ സമുദ്ര അലങ്കാരമത്സ്യങ്ങളുടെ അക്വേറിയം, കടലിന് നിറം നൽകുന്ന സൂക്ഷ്മ ആൽഗകളുടെ ശേഖരം, ഹാച്ചറി, തുടങ്ങിയവയും സന്ദർശകർക്കായി തുറന്നിരുന്നു. പ്രദർശനം സൗജന്യമായിരുന്നു. വിദ്യാർത്ഥികൾ ഉൾപ്പെടെ ധാരാളം പേർ പ്രദർശനം കാണാൻ എത്തിയിരുന്നു.

## അപൂർവ ശേഖരങ്ങളുള്ള മ്യൂസിയം

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യങ്ങളുടെ മ്യൂസിയമാണ് പ്രദർശനത്തിന്റെ മറ്റൊരു ആകർഷണ കേന്ദ്രം. ആയിരത്തോളം മത്സ്യങ്ങൾ ഉണ്ട്.

അന്റാർട്ടിക്കയിൽ മാത്രം കാണുന്ന അന്റാർക്കി ക്രിൽ, വൈദ്യുതി ഉല്പാദിപ്പിക്കുന്ന നാർസെയിൽ എന്നിവ കാണാം. കൃത്രിമമായി നിർമിച്ച കടൽപശുവിന്റെ രൂപം വിദ്യാർത്ഥികളുടെ മുഖ്യ ആകർഷണ കേന്ദ്രമായിരുന്നു. കടലിലെ പുല്ല് മാത്രമാണ് ഇവയുടെ ആഹാരം. 70 വയസ് വരെ ജീവിക്കുന്ന സീ കൗ ലക്ഷദ്വീപ്, രാമേശ്വരം ഭാഗങ്ങളിലാണ് കാണപ്പെടുന്നത്.

## മത്തിക്കും അയലയ്ക്കും അകാലമൃത്യു!

മത്സ്യങ്ങളുടെ പ്രായം നിശ്ചയിക്കുന്നത് പ്രദർശനത്തിൽ ശാസ്ത്രജ്ഞർമാർ വിവരിക്കുന്നുണ്ട്. ഇപ്പോൾ അയല, മത്തി എന്നിവയുടെ പ്രായം മാത്രമെ നിശ്ചയിക്കാൻ തുടങ്ങിയിട്ടുള്ളൂ. മത്തി രണ്ട് വർഷം വരെ ജീവിക്കുമെങ്കിലും 99 ശതമാനവും 9 മാസത്തിനുള്ളിൽ വലയിലാകുന്നുണ്ട്. അയലയുടെ സ്ഥിതിയും ഇത് തന്നെ. അയിലയും 220 മുതൽ 350 വരെയുള്ള ദിവസങ്ങൾക്കുള്ളിൽ പിടിക്കപ്പെടുകയാണ്.